# ആശ്വാസമോ ആശങ്കയോ?

**സ്വന്തം** ആണവനിലയങ്ങളെയും ആയുധങ്ങളെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് 'ആഗോള സമൂഹ'ത്തിനു സമർപ്പിച്ചതിലൂടെ ഉത്തരകൊറിയ അതിന്റെ ആണവ പദ്ധതിയിൽനിന്ന് പൂർണമായി പിന്മാറുന്നതിലേക്ക് വലിയൊരു ചുവടുവെപ്പ് നടത്തിയിരിക്കുകയാണ്. ആണവശേഷി നേടുകയും ബോംബു പരീക്ഷിക്കുകയും ചെയ്ത ഒരു രാഷ്ട്രം അതൊന്നും വേണ്ടെന്നുവെക്കുന്നത് സാധാരണഗതിയിൽ ലോകസമാധാനത്തിനുള്ള വിലപ്പെട്ട സംഭാവന തന്നെ. പക്ഷേ, അമേരിക്കയുടെ ഏകധ്രുവലോക സിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ നീക്കത്തെ അപ്രകാരം തന്നെയാണോ കാണേണ്ടത് എന്നൊരു ചോദ്യം അന്തരീക്ഷത്തിൽ ഉയർന്നു നിൽക്കുന്നുണ്ട്.

ചൈനയും അമേരിക്കയും ഉൾപ്പെട്ട ഒരു ഗ്രൂപ്പാണ് ആഗോള സമൂഹത്തെ പ്രതിനിധീകരിക്കുന്നത്. ഗ്രൂപ്പിൽ ആറു രാഷ്ട്രങ്ങളുണ്ടെങ്കിലും അമേരിക്കയാണതിനെ നിയന്ത്രിക്കുന്നത്. ഉത്തരകൊറിയ അറുപതു പേജുള്ള അതിന്റെ ആണവറിപ്പോർട്ട് സമർപ്പിച്ചത് ചൈനക്കാണ്. ചൈനീസ് വിദേശകാര്യമന്ത്രി വുദാവേ (Wudawei) ആണ് അത് പ്രഖ്യാപിച്ചത്. അണ്വായുധനിർവ്യാപന വിഷയത്തിലുണ്ടായ വൻ മുന്നേറ്റമായി ചിലർ കൊറിയൻ നീക്കത്തെ വിലയിരുത്തുന്നുണ്ട്.

റിപ്പോർട്ടിനെ ഹാർദമായി സ്വാഗതം ചെയ്തുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ജോർജ് ഡബ്ലിയു ബുഷ് കൊറിയക്കെതിരെ ഏർപ്പെടുത്തിയ ഉപരോധങ്ങൾ പിൻവലിക്കുമെന്ന് പ്രസ്താവിച്ചു. ഭീകരതയെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രങ്ങളുടെ പട്ടികയിൽനിന്ന് ഉത്തരകൊറിയയെ നീക്കം ചെയ്യുമെന്നതാണ് അങ്കിൾ സാമിന്റെ മറ്റൊരു ഔദാര്യം. ഇനിമുതൽ ഉത്തരകൊറിയ സാത്താന്റെ അച്ചുതണ്ടിൽ അംഗമായിരിക്കുകയില്ലത്രെ. റിപ്പോർട്ട് കിട്ടിയതോടെ ഉത്തരകൊറിയ ആഗോള സമൂഹത്തിന്റെ ഭാഗമായിത്തീരുകയും ആനുകൂല്യങ്ങൾക്ക് അർഹതനേടുകയും ചെയ്തിരിക്കുന്നുവെന്നും അതിനുനേരെ അന്താരാഷ്ട്ര സഹായത്തിന്റെയും സഹകരണത്തിന്റെയും കവാടങ്ങൾ മലർക്കെ തുറക്കപ്പെട്ടിരിക്കുന്നുവെന്നും ബുഷ് പറയുകയുണ്ടായി. അതിന് ഉത്തരകൊറിയ അന്താരാഷ്ട്ര തത്ത്വങ്ങളും നിയമങ്ങളും പാലിക്കണമെന്ന ഒരുപാധി മാത്രമേ ഉന്നയിച്ചിട്ടുള്ളൂ. അന്താരാഷ്ട്ര തത്ത്വങ്ങളും നിയമങ്ങളുമെന്നാൽ അമേരിക്കയുടെ ഉത്തരവുകളല്ലാതെ മറ്റൊന്നുമല്ല. 2006-ൽ അണുബോംബ് പരീക്ഷിച്ച രാജ്യമാണ് ഉത്തരകൊറിയ. ആണവായുധ രംഗത്തുനിന്നുള്ള അതിന്റെ പിന്മാറ്റം വൻശക്തികളെ, വിശേഷിച്ചും അമേരിക്കൻ സാമ്രാജ്യത്വത്തെ തെല്ലൊന്നുമല്ല ആഹ്ലാദിപ്പിക്കുന്നത്. റിപ്പോർട്ടു വരേണ്ടതാമസം, ആ രാജ്യത്തിന്റെ ആണവ നിലയങ്ങളും ആയുധങ്ങളും നശിപ്പിക്കാൻ സമ്പൂർണ സഹകരണം വാഗ്ദാനം ചെയ്തുകൊണ്ട് വൻ ശക്തികളെല്ലാം മുന്നോട്ടു വന്നു. ഉത്തരകൊറിയ ആക്രമണോത്സാഹത്തിൽനിന്നും ആയുധഭാരത്തിൽനിന്നും മുക്തമാവുകയാണോ, അതല്ല ആഗോള സമൂഹത്തിന്റെ മേൽവിലാസത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന് കീഴടങ്ങുകയാണോ ചെയ്തത് എന്ന ചോദ്യത്തെ കൂടുതൽ പ്രസക്തമാക്കുന്ന കാര്യങ്ങളാണിതൊക്കെ.

ഉത്തരകൊറിയയുടെ നടപടി, കുറേകാലമായി നിഷ്ക്രിയമായി കിടന്നിരുന്ന ആണവായുധ നിർവ്യാപന പരിപാടികൾ സജീവമാക്കാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ആഗോള സമൂഹത്തിന്റെ മേൽവിലാസത്തിൽ അമേരിക്ക ആവിഷ്കരിച്ച ആണവായുധ നിരോധന പരിപാടികളൊന്നും ഇതുവരെ ഫലം കണ്ടിട്ടില്ല. ആണവ ക്ലബ്ബിൽ അംഗങ്ങൾ വർധിച്ചുകൂടാ എന്ന് അമേരിക്ക തീരുമാനിച്ചു. ഫലം, ക്ലബ്ബിന്റെ അംഗസംഖ്യ അഞ്ചിൽ പരിമിതമായി, സാങ്കേതികവിവരവും വിഭവശേഷിയുമുള്ളവർ ക്ലബ്ബിനു പുറത്ത് ആണവായുധങ്ങൾ നിർമിച്ചു. അക്കൂട്ടത്തിൽ അമേരിക്കയുടെ മാനസപുത്രൻ ഇസ്രയേലുമുണ്ട്. പിന്നീട് എൻ.പി.ടി എന്നൊരു തന്ത്രമാവിഷ്കരിച്ചു. അതിനുശേഷം സി.ടി.ബി.ടിയുണ്ടാക്കി. പിന്നെ എഫ്.എം.സി.ടി നിലവിൽവന്നു. ഇതൊക്കെയായിട്ടും പല രാജ്യങ്ങളും അണുബോംബുകൾ പരീക്ഷിച്ചുകൊണ്ടിരുന്നു. ചിലർ പരീക്ഷിച്ചില്ലെങ്കിലും അതുണ്ടാക്കാനുള്ള സാങ്കേതിക വിദ്യ കൈവരിച്ചു. ഏതാനും വൻശക്തികളല്ലാതെ മറ്റാരും മിസൈൽ മേഖലയിലേക്ക് പ്രവേശിക്കരുതെന്നായിരുന്നു അമേരിക്കയുടെ പിന്നത്തെ തീരുമാനം. അഥവാ വല്ലവരും മിസൈൽ പരീക്ഷിക്കുന്നുവെങ്കിൽ അത് അമേരിക്കയുടെ സമ്മതത്തോടെ വേണം. ആ വകയിലും ചില ചട്ടങ്ങളും വ്യവസ്ഥകളും പ്രഖ്യാപിച്ചു. അതും ഫലപ്രദമാവുകയുണ്ടായില്ല. പല മൂന്നാം ലോക രാജ്യങ്ങളും മിസൈലുകൾ സ്വന്തമാക്കി. കൂട്ടത്തിൽ കൊറിയയുമുണ്ട്.

ഈ 'ആഗോള സമൂഹ'ത്തിന്റെ നിരായുധീകരണ ശ്രമങ്ങളൊക്കെ നിഷ്ഫലമാകുന്നതെന്തുകൊണ്ടാണ്? ഉത്തരം ലളിതം. സ്വയം നിർമിച്ചു കുന്നുകൂട്ടി വെച്ചിട്ടുള്ള കൂട്ട നശീകരണായുധങ്ങളാണ് അവർ മറ്റുള്ളവർക്കു വിലക്കുന്നത്. വിശേഷിച്ച്, അമേരിക്ക നിരായുധീകരണം കൊണ്ടുദ്ദേശിക്കുന്നത് വേട്ടക്കാരുടെ നിരായുധീകരണമല്ല; ഇരകളുടെ നിരായുധീകരണമാണ്. അതുകൊണ്ടാണ് ഇസ്രയേലിന്റെ നൂറുകണക്കിൽ അണുബോംബുകൾ കണ്ടില്ലെന്ന് നടിക്കുന്നതും, ഊർജോൽപാദനത്തിനുവേണ്ടി മാത്രം ആണവശേഷി കൈവരിക്കാൻ ശ്രമിക്കുന്ന ഇറാനെ ആക്രമിക്കാൻ ചുരമാന്തുന്നതും. തങ്ങളുടെ ഇംഗിതം മാനിക്കാത്തവരെ കയറി അടിക്കുമ്പോൾ തിരിച്ചടിക്കപ്പെടാതിരിക്കുകയാണവരുടെ ലക്ഷ്യം. ആണവരംഗത്തുനിന്നുള്ള ഉത്തരകൊറിയയുടെ പിന്മാറ്റം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വൻ വിജയം തന്നെയാണ്. 1 2 3 കരാറിൽ ഇന്ത്യയെ കുരുക്കാൻ കഴിഞ്ഞാൽ അതു മറ്റൊരു മഹാവിജയമായിരിക്കും. ഈ സാഹചര്യം 'ചെകുത്താന്റെ അച്ചുതണ്ടി'ലെ ഇതര രാഷ്ട്രങ്ങളെ സ്വയം കീഴടങ്ങാൻ പ്രേരിപ്പിച്ചേക്കും. കീഴടങ്ങിയില്ലെങ്കിൽ അമേരിക്ക സൈനിക നടപടിയിലൂടെ അവയെ കീഴടക്കുന്നത് ന്യായീകരിക്കപ്പെടും. ഈ വസ്തുത പരിഗണിക്കുമ്പോൾ ഉത്തരകൊറിയയുടെ നടപടി ലോക സമാധാനത്തെ പോഷിപ്പിക്കുമെന്ന ആശ്വാസത്തിലേറെ ആക്രമണത്തിന്റെയും അധിനിവേശത്തിന്റെയും ആശങ്കയല്ലേ പരത്തുന്നത്? ■